യററ് ചെമ്പട തോല്പിച്ചപ്പോൾ അടച്ചിട്ട ഈ മദ്രസ്സ 1946–ൽ ആണ് വീണ്ടും തുറന്നത്. ഇതിൽ ഇപ്പോൾ തൊണ്ണൂറ് വിദ്യാർത്ഥികളുണ്ട്. ഇസ്‌ലാമിനോടൊപ്പം ഇവർ സോവിയററ് നിയമം, സോവിയററ് ഭരണസംവിധാനം, ചരിത്രം, ഭൂമിശാസ്ത്രം മുതലായ മതനിരപേക്ഷ വിഷയങ്ങളും പഠിക്കുന്നു. ആണ്ടിൽ പന്ത്രണ്ടോളം ബിരുദധാരികൾ ഈ മദ്രസ്സയിൽനിന്നു പുറത്തുവരുന്നു. സോവിയററ് വിദ്യാഭ്യാസസമ്പ്രദായവുമായി അവിടത്തെ ഇസ്‌ലാമികമതവിദ്യാഭ്യാസം പൂർണമായും ഉദ്ഗ്രഥിക്കപ്പെട്ടിരിക്കുന്നു.

ഈറാൻ–അഫ്ഗാനിസ്ഥാൻ–സോവിയററ് യൂണിയൻ അതിത്തിയിലുള്ള അഷ്ഖാബാദിൽ പള്ളികൾ ഒന്നുംതന്നെയില്ല. 1948–ലെ ഭൂമികുലുക്കത്തിൽ അവിടെയുണ്ടായിരുന്ന പഴയ കെട്ടിടങ്ങളെല്ലാം കൂട്ടത്തിൽ പള്ളികളും തകർന്നു. പള്ളികൾ വീണ്ടും പണിയണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടതുമില്ല. ഈ പ്രദേശത്തു പാർക്കുന്ന തുർക്ക്മെൻ ജനത സോവിയററ് ജീവിതരീതിയിൽ തികച്ചും ലയിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും, ഇവിടെയും 'അണ്ടർഗ്രൗണ്ട്' പള്ളികളും അനൗദ്യോഗിക മുല്ലമാരും ഉണ്ട്. വേണമെന്നുള്ളവർക്ക് മതചടങ്ങുകൾ അനുഷ്ഠിക്കാൻ ഈ പ്രദേശത്തുമുണ്ട് സൗകര്യം.

ഇസ്‌ലാമിനകത്തുതന്നെ വ്യത്യസ്തവിഭാഗങ്ങളും സോവിയററ് യൂണിയനിൽ ഇല്ലാതില്ല. ഷിയകളെപ്പററി പറഞ്ഞുവല്ലോ. ബുഖാറാ നഗരപരിസരങ്ങളിൽ സൂഫികളുടെ ഒരു പള്ളി ഉണ്ടത്രെ. പക്ഷേ, വിദേശീയർക്ക് ഇവിടെ പ്രവേശനമില്ല.

അണ്ടർഗ്രൗണ്ട് മതഗ്രൂപ്പുകൾ തഴച്ചുവളരുന്നത് സോവിയററ് യൂണിയൻ ഇഷ്ടപ്പെടുന്നില്ല. സർക്കാരിന്റെ അനുവാദത്തോടെ യാഥാസ്ഥിതിക മതവിഭാഗങ്ങൾ നിലനിൽക്കുന്നതാണ് കൂടുതൽ അഭിലഷണീയമെന്ന് സോവിയററ് അധികൃതർ കരുതുന്നു. സോവിയററ് മുസ്‌ലീങ്ങൾ ഇപ്പോൾ കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ അസംതൃപ്തരല്ല. എന്നാലും, അതിർത്തിക്കപ്പുറത്ത്, ഈറാനിൽനിന്നും അഫ്ഗാനിസ്ഥാനിൽനിന്നും ഇസ്‌ലാമിക് ഫണ്ടമെൻറലിസ്റ്റ് ചിന്താഗതികൾ സോവിയററ് യൂണിയനകത്തേക്കു ചോർന്നു കടന്നേക്കാമെന്ന ഭീഷണി എപ്പോഴുമുണ്ട്. അതേ സമയം, ഖൊമൈനിയുടെ ക്രൂരകൃത്യങ്ങളിലും അതിവാദങ്ങളിലും സോവിയററ് മുസ്ലീങ്ങൾ പൊതുവെ അസന്തുഷ്ടരാണ്. 'ഞങ്ങൾക്കു ഞങ്ങളുടെ ഖുർ–ആനും പള്ളികളുമുണ്ട്! ഖൊമൈനിയെക്കൊണ്ട് ഞങ്ങൾക്ക് എന്താവശ്യം?' എന്നതാണത്രെ ബാകുപ്രദേശത്തിലെ ഇസ്‌ലാം മതനേതാക്കളുടെ നിലപാട്. അതേസമയം, അസർബൈജാനിലെ ഷിയകളും ഈറാനിലെ ഷിയകളും തമ്മിൽ സാമൂഹ്യസമ്പർക്കങ്ങൾ ഇല്ലായ്കയുമില്ല. (ആധാരം: ലണ്ടൻടൈംസിലെ ഒരു ലേഖനം)

8–9–1985

## 20. ജൂതന്മാരും ക്രിസ്ത്യാനികളും

'ഇസ്രായേൽ' എന്ന ജൂതപരമാധികാരസ്വതന്ത്രരാഷ്ട്രം 1948–ൽ പാലസ്തീനിൽ നിലവിൽവന്നു. തലമുറകളായി പാലസ്തീൻ പ്രദേശത്തു താമസിച്ചുപോന്ന മുസ്ലീങ്ങളായ അറബികളും, പല രാജ്യങ്ങളിൽനിന്ന് ആ പ്രദേശത്തേക്കു പ്രവഹിച്ച ജൂതരും തമ്മിലുള്ള പോരാട്ടം അതോടെ ആരംഭിച്ചു. ഇന്നും തുടർന്നുവരുന്ന ഈ പോരാട്ടത്തിൽ അമേരിക്കയുടെ അകമഴിഞ്ഞ സഹായംനിമിത്തം ജൂതർ ജയിച്ചുനിൽക്കുകയാണ്. നമ്മ

ടെ കാലഘട്ടത്തിൽ സമാധാനത്തിനുള്ള ഏററവും വലിയ ഭീഷണികളിലൊന്ന് ജൂതരും മുസ്ലീങ്ങളും തമ്മിലുള്ള ഈ കലഹമാകുന്നു.

ജൂതന്മാരും മുസ്ലീങ്ങളും തമ്മിൽ നടക്കുന്നത് ആയുധമേന്തിയ കടുത്ത പോരാട്ടമാണ്. ഇത്ര പ്രകടമായിട്ടില്ലെങ്കിലും ഇസ്രായേലിനകത്ത് ജൂതരും ക്രിസ്ത്യാനികളും തമ്മിലും ഉരസലുകൾ നടന്നുവരുന്നതായി സെപ്തംബർ 24–ാം തീയതിയിലെ 'ന്യൂസ്‌വീക്ക്' വാരിക പ്രസ്താവിക്കുന്നു. ജൂതരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനംചെയ്യുന്നതിന് ക്രിസ്തുമതപ്രചാരകർ ചെയ്യുന്ന പരിശ്രമങ്ങളാണ് ഈ ഉരസലുകൾക്ക് അടിയിലുള്ളത്.

ചില ആദർശവാദികളുടെ സ്വപ്നംമാത്രമായിരുന്ന 'ഇസ്രായേൽ' എന്ന ജൂതരാഷ്ട്രം ഒരു ഭൗതികയാഥാർത്ഥ്യമായിത്തീർന്നത് ബ്രിട്ടന്റെയും അമേരിക്കയുടെയും സഹായംമൂലമാണ്. രാജ്യത്തിനകത്തുള്ള പാലസ്തീൻകാരായ മുസ്ലീങ്ങളോടും, ചുററുമുള്ള മുസ്ലീം രാഷ്ട്രങ്ങളോടും പൊരുതി ജയിച്ചുനിൽക്കുന്നതിന് ഈ ജൂതരാഷ്ട്രം ആശ്രയിച്ചത് അമേരിക്കൻ സഹായത്തെയായിരുന്നു എന്നു പറഞ്ഞുവല്ലോ? അമേരിക്കയുടെ സഹായം തുടർന്നു ലഭിക്കണമെങ്കിൽ സുസംഘടിതമായ ഒരു 'ജൂതലോബി' അമേരിക്കൻ പാർലമെൻറിൽ ഉണ്ടായിരിക്കണമെന്ന് ജൂതരാഷ്ട്രത്തലവൻ ആദ്യമേ കണ്ടു. ഇസ്രായേലിലെ പ്രധാനമന്ത്രിയായിരുന്ന മെനാച്ചെംബെഗിൻ ക്ഷണിച്ചതനുസരിച്ച് അമേരിക്കയിൽനിന്ന് പല ക്രിസ്ത്യൻ മിഷണറിമാരും ഇസ്രായേലിൽവന്ന് പാർപ്പുറപ്പിച്ചത് ഈ സാഹചര്യത്തിലായി.

ഇപ്പോൾ ഇസ്രായേലിൽ ആയിരത്തഞ്ഞൂറോളം ക്രിസ്ത്യൻ മിഷണറിമാർ പ്രവർത്തിച്ചുവരുന്നുണ്ടത്രെ. ഇസ്രായേലിൽ ആകെ ജനസംഖ്യ നാല്പത്തൊന്നുലക്ഷത്തോളം മാത്രമാണ്. ഇവരിൽ രണ്ടായിരത്തോളം പേരെ മാത്രമേ ഇതിനകം ക്രിസ്തുമതത്തിൽചേർക്കാൻ മിഷണറിമാർക്കു കഴിഞ്ഞിട്ടുള്ളു. ഇവരിൽത്തന്നെ പലരും ഇസ്രായേലിലെത്തും മുമ്പ് ക്രിസ്ത്യാനികൾ ആയിക്കഴിഞ്ഞവരാണെന്നും പറയപ്പെടുന്നു. ക്രിസ്ത്യാനികളുടെ എണ്ണം ഇപ്പോൾ ചെറുതാണെങ്കിലും ജൂതരാഷ്ട്രമെന്ന നിലയിൽ ഇസ്രായേലിന്റെ നിലനിൽപ്പിന് ഇസ്രായേലിലെ ക്രൈസ്തവമിഷണറിസാന്നിധ്യം ആപത്കരമാണെന്ന ധാരണ ഇതിനകം ഇസ്രായേലിൽ പരന്നുകഴിഞ്ഞിട്ടുണ്ട്. ജൂതന്മാർ ക്രിസ്തുമതം സ്വീകരിക്കണമെന്നു പറയുന്നതിനർത്ഥം ജൂതസംസ്കാരം മോശമാണെന്നാണല്ലോ. മിഷണറിമാരുടെ ഈ നിലപാടിനോട് തീവ്രദേശീയവാദികളായ ഇസ്രായേൽക്കാർക്ക് പരക്കെ എതിർപ്പുണ്ടാവുക സ്വാഭാവികം മാത്രമാകുന്നു.

ജൂതമതസംഘടനകളുടെ സമ്മർദത്തിൻഫലമായി, ഇസ്രായേലിലെ പാർലമെൻറ് (ക്നെസെററ്) ആ രാജ്യത്തിലെ ക്രൈസ്തവമിഷണറിപ്രവർത്തനത്തെപ്പററി പഠിച്ച് ഒരു റിപ്പോട്ട് ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. മിഷണറിമാർ ചെയ്യുന്ന ചില നല്ല പ്രവൃത്തികളെപ്പററി ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. പക്ഷേ, ഈ സൽപ്രവൃത്തികൾ പലപ്പോഴും മതപരിവർത്തനമെന്ന ഗൂഢലക്ഷ്യം ഉള്ളിൽവെച്ചുകൊണ്ടുള്ളവയാണെന്ന് ഇസ്രായേൽകാരിൽ പലരും കരുതുന്നുവത്രെ. ദരിദ്രരായ ജൂതന്മാർക്കു മിഷണറിമാർ ധനസഹായം നൽകുന്നതും, ജൂതരുടെ ഗ്രാമങ്ങളിൽ സ്വയംസേവകപ്രവർത്തകരെ നിയമിക്കുന്നതും, പല ജൂതർക്കും വിദേശസഞ്ചാരത്തിനുള്ള സൗകര്യങ്ങളേപ്പെടുത്തിക്കൊടുക്കുന്നതും നിയമവിരുദ്ധമാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നുമുണ്ട്. കാരണം, മതപരിവർത്തനത്തെ ഉദ്ദേശിച്ച് പ്രലോഭനങ്ങൾ നൽകുന്നതിനെ 1977–ൽ പാസ്സാക്കിയ ഒരു ഇസ്രായേലിനിയമം തടഞ്ഞിട്ടുണ്ട്.

ഏതായാലും, ക്രിസ്തുമതക്കാർ നടത്തുന്ന മിഷ്യൻ സ്കൂളുകളിൽ പഠിക്കുന്ന ജൂതക്കുട്ടികളെ അവിടെനിന്ന് വിടുവിച്ച് സർക്കാർ സ്കൂളുകളിൽ ചേർക്കേണ്ടതാണെന്ന് ഇസ്രായേലി പാർലമെൻറിൻെറ റിപ്പോർട്ട് ശുപാർശചെയ്തിരിക്കുന്നു.

ക്രിസ്ത്യൻമിഷണറിമാർക്കെതിരായി ഇസ്രായേലിൽ പലപ്പോഴും അക്രമം പൊട്ടിപ്പുറപ്പെടുന്നുണ്ടെന്ന് 'ന്യൂസ്‌വീക്ക്' പറയുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ഇസ്രായേലിലെ ചില ക്രിസ്ത്യൻ പള്ളികളും വായനശാലകളും പുസ്തകവില്പനശാലകളും ആക്രമിക്കപ്പെടുകയുണ്ടായി. 1982–ൽ യെരുശലേമിലെ ഒരു ബാപ്റ്റിസ്റ്റ് പള്ളി തീവെച്ചു നശിപ്പിക്കപ്പെട്ടു. തിബേരിയാസ് എന്ന നഗരത്തിലെ 'നിററ്സാൻ' ഹോട്ടലിൽ ആഴ്ചതോറും ക്രിസ്ത്യൻ മിഷണറിമാർ യോഗം ചേരാറുണ്ടായിരുന്നു. 1983 ഡിസംബറിൽ ഈ ഹോട്ടൽ കൊള്ളയടിച്ച് തീവെച്ചു നശിപ്പിച്ചു. യെരുശലേമിലെ 'മൊസ്സയാനിക്' അസംബ്ലി ചാപ്പൽ' എന്ന ക്രിസ്ത്യൻ പള്ളി 1984 ജനുവരിയിൽ അഗ്നിക്ക് ഇരയായി. 'മററു രാജ്യങ്ങളിൽ ക്രിസ്ത്യാനികളിൽനിന്ന് ജൂതന്മാർ അനുഭവിച്ചതെന്തോ, അത് ഇസ്രായേലിൽ ജൂതരിൽനിന്ന് ക്രിസ്ത്യാനികൾ, ചിലപ്പോൾ, അനുഭവിക്കുന്നു. പലപ്പോഴും ഇത് രസകരമായ അനുഭവമല്ല' എന്ന് യരുശലേമിലെ ഒരു മിഷണറിസ്ഥാപനത്തിലെ ഉദ്യോഗസ്ഥനായ വാൻഡെർ ഹോവെൻ പറഞ്ഞത് 'ന്യൂസ്‌വീക്ക്' ഉദ്ധരിക്കുന്നു.

ക്രിസ്തുമതപ്രചാരണത്തിനെതിരായ ജൂതന്മാരുടെ നടപടികൾനിമിത്തം അമേരിക്കയ്ക്കു തങ്ങളോടുള്ള അനുഭാവം കുറഞ്ഞേക്കുമോ എന്ന് ഇസ്രായേലിലെ അധികൃതർ ഭയപ്പെടുന്നുണ്ട്. ക്രൈസ്തവമിഷണിമാരുടെ ഒരു യോഗം കലക്കിയതിന് തിബേരിയാസ് നഗരത്തിൽ ഒരു ജൂതപുരോഹിതനെ (റബ്ബിയെ) മൂന്നുമാസം തടവിനു ശിക്ഷിച്ചത് ഈ പശ്ചാത്തലത്തിലാണ്.

യെരുശലേമിൽ ക്രിസ്ത്യൻ ഗ്രൂപ്പുകൾക്കെതിരെ നടന്ന അക്രമങ്ങളിൽ അവിടത്തെ മെയർടെഡ്ഡികൊല്ലെക്ക് പ്രതിഷേധിച്ചിട്ടുണ്ട്. എങ്കിലും മിഷണറിപ്രശ്നവും, മതതീക്ഷ്ണതയുള്ള ജൂതരും ക്രിസ്ത്യാനികളും തമ്മിലുള്ള സംഘർഷവും, ഇസ്രായേലിൽ അടുത്തൊന്നും അവസാനിക്കുമെന്നു തോന്നുന്നില്ല എന്ന് 'ന്യൂസ്‌വീക്ക്' എഴുതുന്നു. തിബേരിയാസ് നഗരത്തിലെ ബാപ്റ്റിസ്റ്റ് മിഷണിമാർ ആ പ്രദേശത്തുള്ള ജൂതന്മാരെക്കൂടി പങ്കെടുപ്പിച്ച് ആഴ്ചതോറും പ്രാർത്ഥനായോഗങ്ങൾ ഇപ്പോഴും നടത്തുന്നുണ്ട്. യെരുശലേം നഗരത്തിൽ ലൂഥറൻ മിഷണറിമാർ നടത്തുന്ന 'ഇൻറർ നാഷണൽ ക്രിസ്ത്യൻ എംബസ്സി' എന്ന സ്ഥാപനത്തിൻെറ ലക്ഷ്യം ജൂതരെ ആശ്വസിപ്പിക്കുക' (അതായത് അവരെ ക്രിസ്ത്യാനികളാക്കുക) ആണ്. മററു നഗരങ്ങളിലും പള്ളികളിലും അനാഥമന്ദിരങ്ങളിലും ദരിദ്രബാധിതപ്രദേശങ്ങളിലും ജൂതരെ ക്രിസ്ത്യാനികളാക്കുന്നതിനുള്ള പ്രചാരണം നടന്നുവരുന്നു. 'ലോകത്തോടു മുഴുവൻ സുവിശേഷം പ്രസംഗിക്കുക എന്ന് യേശു പറയുകണ്ടായി. ക്രിസ്ത്യാനിയായി ജീവിക്കുന്നതിൻെറ ഭാഗമാണ് ഈ സുവിശേഷംപ്രസംഗിക്കൽ' എന്ന് യെരുശലേമിലെ ക്രിസ്ത്യൻ എംബസ്സി'യിലെ ഒരു ഉദ്യോഗസ്ഥനായ തിമോത്തികിങ് ചെയ്ത പ്രഖ്യാപനം 'ന്യൂസ്‌വീക്ക്' ഉദ്ധരിക്കുന്നുണ്ട്.

പഠിച്ചും ചിന്തിച്ചും, സ്വന്തം ബോധ്യമനുസരിച്ച് ഒരാൾ മതം മാറുന്നതിൽ തെററില്ല. നിർബന്ധിച്ചും പ്രലോഭിച്ചും നടത്തുന്ന മതപരിവർത്തനം രാജ്യത്തിനകത്തും രാജ്യങ്ങൾ തമ്മിലും സമാധാനം നഷ്ടപ്പെടുത്തുന്നതിനേ ഉപകരിക്കൂ.

4–11–1984